LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടി

2 (1700) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിയമത്തിന്റെ സാങ്കേതിക തടസ്സങ്ങളിൽപ്പെട്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നവർക്ക് ആശ്വാസമായി നിയമങ്ങളിൽ കാലോചിത പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം നിയമങ്ങൾ ഭേദഗതി ചെയ്യുവെന്നും പുറപ്പെടുവിച്ച ഉത്തരവുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ചില നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും നാൽപത്തിയഞ്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ക്രോഡീകരിച്ച് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പ് മുഖേന 'ജനപക്ഷ ചുവടുകൾ' എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ച രജിസ്റ്റർ

3 (1704) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളിലും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചതും ഇതര ഫയലുകളും ഒരേ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തന്മൂലം ആസ്തി വികസന ഫണ്ടുകളനുസരിച്ചുള്ള ഫയലുകൾ ശ്രദ്ധിക്കപ്പെടാനും തീർപ്പു കല്പിക്കപ്പെടാനും കാലതാമസം നേരിടുന്ന പ്രശ്നം അറിവുള്ളതാണോ ;